## സർവ്വശിക്ഷാ അഭിയാൻ, (എസ്.എസ്.എ), കേരളം

**വിഷയം : അവധിക്കാല അധ്യാപക പരിശീലനം – എസ്.ആർ.ജി**

2017–18 അക്കാദമിക വർഷത്തെ അവധിക്കാല അധ്യാപക പരിശീലനം (പ്രൈമറിതലം) ഏപ്രിൽ 17 മുതൽ ആരംഭിക്കുകയാണ്. ഇതിനു മുന്നോടിയായി എസ്.ആർ.ജി പരിശീലനം, ഡി.ആർ.ജി പരിശീലനം എന്നിവ സംഘടിപ്പിക്കേണ്ടതാണ്. എട്ടു ദിവസത്തെ അധ്യാപക പരിശീലനമാണ് നടത്തേണ്ടത്. യു.പി. വിഭാഗത്തിൽ ആദ്യഘട്ട പരിശീലനം ഐടി @ സ്കൂളിന്റെ നേതൃത്വത്തിൽ നടത്തും. അതിൽ പങ്കെടുത്തതിനു ശേഷമാണ് തുടർന്നുള്ള ദിവസങ്ങളിലെ പരിശീലനങ്ങളിൽ അധ്യാപകർ പങ്കെടുക്കേണ്ടത്. 27–ാം തീയതി ദേശീയ സെമിനാർ നടക്കുന്നതിനാൽ ആ ദിവസം കോർ എസ്.ആർ.ജി. അംഗങ്ങൾക്ക് പരിശീലനാസൂത്രണം നടത്തുന്നതിന് വേണ്ട ക്രമീകരണം ഒരുക്കുന്നതിനുള്ള ചുമതല ഒരു ബി.പി.ഒ.ക്ക് നൽകേണ്ടതാണ്. എസ്.ആർ.ജി.യിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് 24–03–2017–നകം സംസ്ഥാന ഓഫീസിൽ ലഭിക്കേണ്ടതാണ്. ഈ പരിശീലനകേന്ദ്രങ്ങളിൽ എസ്.ആർ.ജി. അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതാണ്.

### 1. പരിശീലന തീയതികൾ

**എസ്.ആർ.ജി** – ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, പ്രഗത്ഭ്യമുള്ള ബി ആർ സി പരിശീലകർ, റിസോഴ്സ് പേഴ്സൺസായി ചുമതല വഹിച്ചിട്ടുള്ള അധ്യാപകർ എന്നിവരെയാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലേക്ക് പരിഗണിക്കേണ്ടത്.

| | |
|---|---|
| എസ്.ആർ.ജി (എൽ പി വിഭാഗം) | മാർച്ച് 28,29,30, 31 (അറബിക്, തമിഴ്, കന്നഡ, സംസ്കൃതം എന്നീവിഷയങ്ങൾ ഒഴികെ) |
| എസ്.ആർ.ജി യൂ.പി വിഭാഗം | മാർച്ച് 28,29,30 (അറബ്, ഉറുദു, തമിഴ്, കന്നഡ, സംസ്കൃതം ഒഴികെ ) |
| എസ്. ആർ.ജി യൂ.പി വിഭാഗം | ഏപ്രിൽ 3,4,5,6,7 (ഉറുദു, തമിഴ്, കന്നഡ എന്നിവ, അറബ്, സംസ്കൃതം വിഷയങ്ങളിൽ എൽ.പി. യും, യു.പി.യും) |

- എസ് ആർ ജി പരിശീലനത്തിലേക്ക് അധ്യാപകരെ നിയോഗിക്കുന്ന പക്ഷം അവരുടെ വിദ്യാലയങ്ങളിൽ പരിക്ഷാ നടത്തിപ്പിനു സഹായിക്കാൻ പ്രഥമാധ്യാപികയുടെ അനുമതിയോടെ ബിആർ സി പരിശീലകരെയോ സി ആർ സി കോർഡിനേറ്റർമാരെയോ നിയോഗിക്കേണ്ടതാണ്.
- എസ് ആർ ജി പരിശീലനത്തിലേക്ക് നിയോഗിക്കപ്പെടുന്ന റിസോഴ്സ് പേഴ്സൺസ് വൈകി വരുന്നതിനും ഇടക്ക് പോവുന്നതിനും അനുവദിക്കുന്നതല്ല. റസിഡൻഷ്യൽ സ്വഭാവത്തോടെ സംഘടിപ്പിക്കുന്ന പരിശീലനമാണ്.

**ഡി.ആർ.ജി പരിശീലനം** (എൽ പി & യു പി) .

- ഓരോ ബി ആർ സിയിലും എത്ര ബാച്ചുകൾ എന്നു കണക്കാക്കി അതനുസരിച്ച് ഡി ആർ ജി അംഗങ്ങളെ ഉടൻ കണ്ടെത്തേണ്ടതാണ്. ഡി ആർ ജി പരി

ശീലനം ഇടുക്കി ജില്ലയിലൊഴികെ നോൺ റസിഡൻഷ്യൽ രീതിയിലാണ് നടത്തേണ്ടത്.

- യു പി വിഭാഗത്തിൽ അറബ്, ഉറുദു, , സംസ്കൃതം ഒഴികെ വിഷയങ്ങൾക്ക് മൂന്നു ദിവസത്തെ പരിശീലനവും ഒരു ദിവസത്തെ ജില്ലാ തല ആസൂത്ര ണവും അറബ്, ഉറുദു, സംസ്കൃതം എന്നിവയ്ക് അഞ്ചു ദിവസത്തെ ഡി ആർ ജി പരിശീലനവും നടത്തേണ്ടതാണ്.
- എൽ പി വിഭാഗത്തിൽ ഇംഗ്ലീഷിനു മൂന്നു ദിവസത്തെ ഡി ആർ ജി പരി ശീലനം ക്രമീകരിക്കണം. മറ്റു വിഷയങ്ങളുടെ ഡി ആർ ജി സമാന്തരമായി നടക്കണം. അഞ്ചു ദിവസം.
- ഡി ആർ ജി നടത്തേണ്ട തീയതികൾ ഏപ്രിൽ 3,4,5,6,7 (അറബ്, ഉറുദു, തമിഴ്, കന്നഡ, സംസ്കൃതം ഒഴികെ)
- ബി.ആർ.സി തല ആസൂത്രണം – ഏപ്രിൽ 10,11
- അറബ്, ഉറുദു, തമിഴ്, കന്നഡ, സംസ്കൃതം ഡി ആർ ജി എപ്രിൽ ഏഴിനു ശേഷം നടത്തണം

**അധ്യാപക പരിശീലനം –**

- കഴിയുന്നത്ര മെയ് ആദ്യവാരം കൊണ്ട് പൂർത്തീകരിക്കണം മെയ് രണ്ടാം വാരം മുതൽ സ്കൂൾ തല ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. എൽ പി ,യുപി വിഭാഗങ്ങളിലെ പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു..

**അധ്യാപക പരിശീലനം യു പി വിഭാഗം**

| | |
|---|---|
| • 17– 20 ഒന്നാം സ്പെൽ | (ബാച്ച് ഒന്ന്– ഇംഗ്ലീഷ് 3 ദിവസം +കലാവിദ്യാഭ്യാസം 1 ദിസം, ബാച്ച് രണ്ട് ഗണിതം 2ദിവസം + ശാസ്ത്രം 2 ദിവസം, ബാച്ച് മൂന്ന് സാമൂഹിക ശാസ്ത്രം 2 ദിവസം+ മലയാളം 2 ദിവസം) |
| • ഏപ്രിൽ 21–26 രണ്ടാം സ്പെൽ | (ഒന്നാം സ്പെല്ലിലുള്ള ബാച്ചുകൾക്ക് പുറമേ നാലു ദിവസം വീതം അറബ്, സംസ്കൃതം, ഉറുദു, ഹിന്ദി എന്നിവയുടെ ബാച്ചുകളും നടത്തണം) |
| • ഏപ്രിൽ 26–29 , മൂന്നാം സ്പെൽ | (ആവശ്യമുണ്ടെങ്കിൽ മാത്രം |
| • മെയ് 2–5 | നാലാം സ്പെൽ ( ആവശ്യമുണ്ടെങ്കിൽ മാത്രം |

- ഒരു വിദ്യാലയത്തിലെ എല്ലാ അധ്യാപകരും വിവിധ കോമ്പിനേഷനുകളിലുള്ള ബാച്ചുകളിൽ പങ്കെടുക്കണം. എല്ലാ വിഷയത്തിനുമുള്ള പരിശീലനത്തിൽ വിദ്യാലയത്തിലെ ഏതെങ്കിലും അധ്യാപകർ പങ്കെടുത്തുവെന്നുറപ്പുവരുത്തണം. വരും വർഷത്തെ ക്ലാസ് , വിഷയചുമതലകൾ നിശ്ചയിച്ച ശേഷം പരിശീലനത്തിലേക്ക് നിയോഗിക്കാനാവശ്യപ്പെടേണ്ടതാണ്. രണ്ടു ദിവസം വീതമുള്ള വിഷയങ്ങളിൽ അധ്യാപകർക്ക് അവസാന രണ്ടു ദിവസം ബാച്ച് മാറാവുന്നതാണ്. ഗണിതത്തിൽ പങ്കെടുക്കുന്നവർക്ക് മലയാ

ളത്തിനോ സാമൂഹികശാസ്ത്രത്തിൽ പങ്കെടുക്കുന്നവർക്ക് ശാസ്ത്രത്തിനോ പങ്കെടുക്കാം. ഇങ്ങനെ ചെയ്യുമ്പോൾ പരിശീലന പങ്കാളികളുടെ എണ്ണക്കൂടുതൽ പരിശീലനത്തെ ബാധിക്കും വിധമാകാതെ അനുയോജ്യമായ ക്രമീകരണം നടത്തേണ്ടതാണ്.

- ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിന് ഒരു ദിവസത്തെ പരിശീലനം എല്ലാ അധ്യാപകർക്കും നൽകേണ്ടതുണ്ട്. ഇതിനുള്ള നിർദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

***അധ്യാപക പരിശീലനം എൽ പി തലം***

- ഏപ്രിൽ 17–25 ഒന്നാം സ്പെൽ ഏട്ടു ദിവസം
- 26–5 രണ്ടാം സ്പെൽ ഏട്ടു ദിവസം (മറ്റു വിഷയങ്ങളെ കൂടാതെ അറബ് , സംസ്കൃതം ബാച്ചുകളും)
- 8–17 മൂന്നാം സ്പെൽ ഏട്ടു ദിവസം ( അനിവാര്യമെങ്കിൽ മാത്രം)

**2. പരിശീലന കേന്ദ്രങ്ങൾ**

| | വിഷയം | കേന്ദ്രം | പങ്കെടുക്കുന്നവരുടെ എണ്ണം |
|---|---|---|---|
| **എൽ.പി വിഭാഗം** | | | |
| 1. | ഇംഗ്ലീഷ് (ക്ലാസ് 1,2,3,4) | വയനാട് | 14X 8=112+RP |
| 2. | ക്ലാസ് 1 (ഇംഗ്ലീഷ് ഇതര വിഷയങ്ങൾ) | ആലപ്പുഴ | 14X 3=42+RP+ കന്നഡ, തമിഴ് 8 |
| 3. | ക്ലാസ് 2 (ഇംഗ്ലീഷ് ഇതര വിഷയങ്ങൾ) | ആലപ്പുഴ | 14X 3=42+RP + കന്നഡ, തമിഴ് 8 |
| 4. | ക്ലാസ് 3 (ഇംഗ്ലീഷ് ഇതര വിഷയങ്ങൾ) | കോഴിക്കോട് | 14X 3=42+RP + കന്നഡ, തമിഴ് 8 |
| 5. | ക്ലാസ് 4 (ഇംഗ്ലീഷ് ഇതര വിഷയങ്ങൾ) | പത്തനംതിട്ട | 14X 3=42+RP + കന്നഡ, തമിഴ് 8 |

| **യൂ.പി വിഭാഗം** | | |
|---|---|---|
| **വിഷയം** | **കേന്ദ്രം** | **പങ്കെടുക്കുന്നവരുടെ എണ്ണം** |
| മലയാളം | കൊല്ലം | 14X 3=42+RP |
| ഇംഗ്ലീഷ് | വയനാട് | 14X 3=42+RP |
| ഗണിതം | തിരുവനന്തപുരം | 14X 3=42+RP |
| ശാസ്ത്രം | മലപ്പുറം | 14X 3=42+RP |
| സാമൂഹികശാസ്ത്രം | കാസർഗോഡ് | 14X 3=42+RP |
| കലാകായിക പ്രവൃത്തിപരിചയം | കണ്ണൂർ | 14X 6=84+RP |
| ഹിന്ദി | എറണാകുളം | 14X 3=42+RP |
| തമിഴ് | പാലക്കാട് | 14X 3=42+RP |
| കന്നഡ | കാസറകോട് | 14X 3=42+RP |
| അറബിക് (എൽ.പി, യൂ.പി) | കോട്ടയം | 14X 6=84+RP |
| സംസ്കൃതം | തൃശൂർ | 14X 6=84+RP |
| ഉറുദു | ഇടുക്കി | 14X 3=42+RP |

**പങ്കെടുക്കേണ്ടവർ**

- യൂ.പി വിഭാഗത്തിൽ ഒരു വിഷയത്തിന് ജില്ലകളിൽ നിന്നും മൂന്നു പേർ വീതം പങ്കെടുക്കണം.
- എൽ.പി വിഭാഗത്തിൽ ഇംഗ്ലീഷ്ന് ഒരു ക്ലാസ്സിന് 2 പേർ എന്ന കണക്കിൽ ഒരു ജില്ലയിൽ നിന്നും 8 പേർ വീതം പങ്കെടുക്കണം.

- എൽ.പി വിഭാഗത്തിൽ ഓരോ ക്ലാസിനും 3 പേർ വീതം പങ്കെടുക്കണം (പരിസരപഠനം 1, ഗണിതം, 1 മാതൃഭാഷ 1 )
- അറബി, ഉറുദു, സംസ്കൃതം, ഹിന്ദി എന്നീ വിഷയങ്ങൾക്ക് (യു.പി) മൂന്നു പേരു വീതവും അറബിക്, സംസ്കൃതം എൽ.പി വിഭാഗത്തിന് 3 പേർ വീതവും പങ്കെടുക്കണം.
- കലാകായിക പ്രവൃത്തി പരിചയത്തിൽ ഓരോന്നിനും 2പേർ വീതം പങ്കെടുക്കണം
- ഐ.ടി. അധിഷ്ഠിത പരിശീലമാണ് നടത്തുന്നത്. അതിനാൽ എല്ലാ റിസോഴ്സ് പേഴ്സൺസിനും ലാപ്ടോപ് കൊണ്ടുവരാൻ നിർദ്ദേശിക്കേണ്ടതാണ്.
- എല്ലാവരും നിർദ്ദേഷ്ഠ ക്ലാസുകളിലെ അധ്യാപകരായി, പാഠപുസ്തകം ഒന്നാം ഭാഗം കരുതണം.
- എസ്.ആർ.ജി, ഡി.ആർ.ജി പരിശീലന കേന്ദ്രങ്ങളിൽ എൽ.സി.ഡി, സ്ക്രീൻ, ലാപ്ടോപ്, പ്രിന്റർ, സൗണ്ട് സിസ്റ്റം എന്നിവ കരുതേണ്ടതാണ്.
- പരിശീലനാന്തരീക്ഷം ഒരുക്കൽ
  എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനത്തിന്റെ ഭാഗമായി പരിശീലനാന്തരീക്ഷമൊരുക്കേണ്ടതുണ്ട്.
  ഇതിനായിപ്രത്യേകം മാർഗനിർദ്ദേശങ്ങൾ നൽകുന്നതാണ്
- എൽ.പി വിഭാഗത്തിൽ എല്ലാ ക്ലാസുകളിലും കന്നഡ കൈകാര്യം ചെയ്യുന്ന റിസോഴ്സ് പേഴ്സൺസും തമിഴ് കൈകാര്യം ചെയ്യുന്നവരും (പാലക്കാട്, ഇടുക്കി, തിരുവനന്തപുരം) 2 വീതം പങ്കെടുക്കേണ്ടതാണ്.
- എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനം ആരംഭിക്കുന്നതിനു തലേദിവസം റിസോഴ്സ് പേഴ്സൺസിന് ആസൂത്രണം, സജ്ജീകരണം എന്നിവയ്ക്കായി പരിശീലനകേന്ദ്രത്തിൽ സൗകര്യം ഒരുക്കേണ്ടതാണ്.
- തമിഴ് യു.പി വിഭാഗം എസ്.ആർ.ജി കഴിഞ്ഞാൽ ഡി.ആർ.ജി നടക്കാതെ നേരിട്ട് അധ്യാപക പരിശീലനം നടക്കുന്നത് കൊണ്ട് താഴെ കാണിച്ചിട്ടുള്ള രീതിയിൽ ഓരോ ജില്ലയിൽ നിന്നും അധ്യാപകരെ പങ്കെടുപ്പിക്കേണ്ടതുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | – | 3 |
| കൊല്ലം | – | 2 |
| പത്തനംതിട്ട | – | 2 |
| തൃശൂർ | – | 2 |
| ഇടുക്കി | – | 6 (മൂന്നാർ 3, പീരുമേട് –3) |
| പാലക്കാട് | – | 3 |
| വയനാട് | – | 2 |

- എൽ.പി ഒന്നാന്തരം മുതൽ മറ്റു വിഷയങ്ങൾ നടക്കുന്ന എസ്.ആർ.ജിയിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും ഓരോ തമിഴ് അദ്ധ്യാപകരെ കൂടി പങ്കെടുപ്പിക്കേണ്ടത് അത്യാവശ്യമാണ്.

**ജില്ലകളുടെ ചുമതലകൾ**

1. എസ് ആർ ജി പരിശീലനകേന്ദ്രങ്ങൾ കണ്ടെത്തുക. ഇതരജില്ലകളെ അറിയിക്കുക. എസ് ആർ ജി നടത്തിപ്പിനായി അധ്യാപകപരിശീനച്ചുമതലയുള്ള

പ്രോഗ്രാം ഓഫീസറെ സഹായിക്കാൻ മറ്റൊരു പ്രോഗ്രാം ഓഫീസറെകൂടി ചുമതലപ്പെടുത്തണം

2. ഡയറ്റ് പ്രിൻസിപ്പൽ, ഡി ഡി ഇ എന്നിവരുമായി ആശയവിനിമയം നടത്തി എസ് ആർ ജി യിലേക്ക് വിവിധ വിഷയങ്ങളിൽ ജില്ലയെ പ്രതിനിധീകരിച്ച് പോകേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുക. സംസ്ഥാനത്തിന് ലിസ്റ്റ് അയക്കുന്ന തോടൊപ്പം അവരെ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുക
3. എസ് ആർ ജി അംഗങ്ങൾ കരുതേണ്ട സാമഗ്രികളെ സംബന്ധിച്ച് അവർക്ക് നിർദേശം നൽകുക.
4. ഡി ആർ ജി പരിശീലന കേന്ദ്രങ്ങൾ നിശ്ചയിക്കുക. ഓരോ കേന്ദ്രത്തിനും ചുമതലക്കാരെ നിശ്ചയിക്കുക
5. ഡയറ്റ് പ്രിൻസിപ്പൽ, ഡി ഡി ഇ എന്നിവരുമായി ആശയവിനിമയം നടത്തി വിഷയം, ക്ലാസ് അടിസ്ഥാനത്തിൽ ഡി ആർ ജി അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. ലിസ്റ്റിന്റെ പകർപ്പ് ഡി ഡി ഇ, ഡയറ്റ് പ്രിൻസിപ്പൽ, ഡി ഇ ഒ, എ ഇ ഒ, ബി പി ഒമാർ എന്നിർക്ക് കൈമാറുക
6. ഐ ടി @ സ്കൂളുമായി ആശയവിനിമയം നടത്തി യു പി വിഭാഗത്തിലെ ഐ ടി പരിശീലനത്തിനു വേണ്ട ക്രമീകരണങ്ങൾ നടത്തുക.
7. ജില്ലയിലെ എം ഐ സ് വിഭാഗം ഓരോ പഞ്ചായത്തിലുമുള്ള അധ്യാപകരുടെ കണക്ക് ( എൽ പി ,യു പി, വേർതിരിച്ച് ), ഏട്ടു ദിവസത്തെ പരിശീലനത്തിനായി ഓരോ പഞ്ചായത്തിനും വേണ്ട തുക എന്നിവ തയ്യാറാക്കേണ്ടതാണ്. എട്ടാം ക്ലാസിന്റെ കാര്യത്തിൽ വേറെയും കണക്ക് തയ്യാറാക്കണം.
8. അധ്യാപക പരിശീലനം സംബന്ധിച്ച ധനവിനിയോഗ മാനദണ്ഡങ്ങൾ നൽകുന്നതാണ്.

എസ്.ആർ.ജി. പരിശീലനത്തിന്റെ സാമ്പത്തിക വിനിയോഗം ചുവടെ ചേർക്കുന്നു.

1. ഹോണറേറിയം – കോർ എസ്.ആർ.ജി. 250/– രൂപ പ്രതിദിനം
2. ഹോണറേറിയം – എസ്.ആർ.ജി. 200/– രൂപ പ്രതിദിനം
3. ടി.എ./ഡി.എ. കെ.എസ്.ആർ. ചട്ടപ്രകാരം.
4. ഭക്ഷണം / താമസം – പ്രതിദിനം 500/– രൂപ വീതം
5. ഹാൾ വാടക – പ്രതിദിനം പരമാവധി 3,000/– രൂപ വരെ
6. സ്റ്റേഷനറി – ഒരാൾക്ക് പരമാവധി 30/– രൂപ വരെ
7. കണ്ടിജൻസി – പരമാവധി 7,000/– രൂപ വരെ.

കണ്ടിജൻസിയുടെ ഭാഗമായി ഉപയോഗിക്കേണ്ട സാമഗ്രികളുടെ ലിസ്റ്റ് മൊഡ്യൂളിനോടൊപ്പം അയയ്ക്കുന്നതാണ്

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി